"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി-സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ അന്തരിച്ച പ്രമോദ് കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ് കെ-യ്ക്ക് ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.100/2024/TRANS    തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി) 12/99/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
2. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 22/01/2018-ലെ E3-832/18 നമ്പർ കത്ത്
3. എറണാകുളം ജില്ലാകളക്ടറുടെ 17/12/2021-ലെ ഇ-5-173407/2018 നമ്പർ കത്ത്
4. ശ്രീ.അശ്വിൻ പ്രമോദ് കെ-യുടെ 18/12/2017, 03/02/2023 തീയതികളിലെ അപേക്ഷകൾ.
5. 07/07/2023-ലെ സ.ഉ(സാധാ)നം.288/2023/TRANS നമ്പർ സർക്കാർ ഉത്തരവ്
6. പൊതുഭരണ(സർവ്വീസസ്-ഡി)വകുപ്പിന്റെ 01/03/2024-ലെ എസ്.ഡി.2/99/2024/പൊ.ഭ.വ നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 23/10/2010-ൽ അന്തരിച്ച പ്രമോദ് കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ് കെ, കാട്ടുംപുറത്ത് വീട്, തേവര കോളനി, തേവര പി.ഒ, കൊച്ചി-682013 എന്നയാൾ സർക്കാരിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി 18/12/2017-ൽ സമർപ്പിച്ച അപേക്ഷ ടിയാന് നിയമനം നൽകുന്നതിന് സംസ്ഥാന ജലഗതാഗത വകുപ്പിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ മറ്റേതെങ്കിലും വകുപ്പിൽ പരിഗണിക്കുന്നതിനായി പരാമർശം (2) പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ സമർപ്പിച്ച സർവ്വീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതനായ പ്രമോദ് കെ.കെ -യുടെ ജനന തീയതി 28/05/1970-ഉം മരണ തീയതി 23/10/2010-ഉം സർവ്വീസിൽ പ്രവേശിച്ച തീയതി.10/05/2010-ഉം ആണ്. ടിയാന് 05 മാസം 14 ദിവസം ആണ് പെൻഷന് യോഗ്യതയുള്ള സേവനദൈർഘ്യമായി കണക്കാക്കിയിട്ടുള്ളത്. അപേക്ഷകനായ ശ്രീ.അശ്വിൻ പ്രമോദ് കെ-യുടെ ജനന തീയതി 25/11//1999 ഉം ഹയർസെക്കന്ററി പരീക്ഷ പാസ്സായിട്ടുള്ളതും ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ

മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലാത്തതുമാണ്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ.അശ്വിൻ പ്രമോദ് കെ-യ്ക്ക് ജോലി നൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം ഒപ്പിട്ടു നൽകിയിട്ടുള്ളതാണ്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,20,000/- (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയാണെന്നും 24/05/999-ലെ 12/99/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം അപേക്ഷകന് ജോലി ലഭിക്കുന്നതിന് അർഹതയുള്ളതിനാൽ അപേക്ഷ ശിപാർശ ചെയ്യുന്നതായും പരാമർശം (3) പ്രകാരം എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.അശ്വിൻ പ്രമോദ് കെ-യെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനത്തിനായി പരിഗണിക്കുകയും ടി വ്യവസ്ഥ പ്രകാരം നിയമനം നൽകുന്നതിന് തയ്യാറാക്കിയ എൽ.ഡി ക്ലാർക്ക് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം വൈകുമെന്നുള്ളതിനാൽ ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് 03/02/2023-ലെ അപേക്ഷ പ്രകാരം ശ്രീ.അശ്വിൻ പ്രമോദ് കെ. അഭ്യർത്ഥിച്ചിരുന്നു. തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം (1) ഉത്തരവിൽ നിഷ്കർഷിക്കുന്ന സമയപരിധി കഴിഞ്ഞതിനാൽ ശ്രീ.അശ്വിൻ പ്രമോദ് കെ-യുടെ തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ശ്രീ.അശ്വിൻ പ്രമോദ് കെ-യുടെ അപേക്ഷ പരിഗണിച്ച് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 10 ഒഴിവുകളിൽ ഒന്ന് ടിയാന് അനുവദിച്ച് നൽകാനും പ്രസ്തുത നിയമനത്തിനുള്ള അനുമതി ഉത്തരവ് അപേക്ഷകന്റെ മാതൃവകുപ്പ് നൽകുന്നതാണെന്നും പരാമർശം (6) പ്രകാരം അറിയിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 23/10/2010-ൽ അന്തരിച്ച പ്രമോദ് കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ് കെ-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിലവിലെ ഒഴിവിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ഈ നിയമനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രാകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും പരാമർശം 1-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

5) നിയമനത്തിനുള്ള തുടർനടപടി പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ സ്വീകരിക്കേണ്ടതാണ്. ശ്രീ.അശ്വിൻ പ്രമോദ് കെ-യെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി നിയമനാധികാരി പ്രസ്തുത വിവരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതും നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷകൻ വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് ബോധ്യപ്പെടുന്നപക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-
പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ, ജയിൽ വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
ജില്ലാ കളക്ടർ, എറണാകുളം
ശ്രീ.അശ്വിൻ പ്രമോദ് കെ, കാട്ടുംപുറത്ത് വീട്, തേവര കോളനി, തേവര പി.ഒ, കൊച്ചി-682013 (By Registered Post with A/D)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , എ&ഇ, കേരള,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് , കേരള, തിരുവനന്തപുരം
പൊതുഭരണ(സർവ്വീസസ്-ഡി) വകുപ്പ്
ഐ & പി.ആർ (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rekha S
Date: 19-03-2024 11:50:07
സെക്ഷൻ ഓഫീസർ